പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.6497

03.04.2018 -ലെ മറുപടിയ്ക്ക്

## കരാർ തൊഴിലാളികളെ നിയമിക്കാനുള്ള നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.വി.ജോയി<br>ശ്രീ. പി.കെ.ശശി<br>ശ്രീ. എൻ.വിജയൻ പിള്ള : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മുതലാളിത്വവൽക്കരണ നയങ്ങൾ തീവ്രമാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ കൂട്ടായ വിലപേശൽ ശേഷി ഇല്ലാതാക്കുന്നതിന്, എല്ലാ രംഗത്തും കരാർ തൊഴിലാളികളെ മാത്രം നിയമിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ കൊണ്ടു വന്ന നിയമം ചൂഷണാധിഷ്ഠിതമായതിനാൽ പിൻവലിക്കാൻ ആവശ്യപ്പെടുമോ; | (എ) തൊഴിലാളി വിരുദ്ധമായ പുതിയ തൊഴിൽ നിയമ ഭേദഗതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന തൊഴിലും എക്സൈസും വകുപ്പ് മന്ത്രി 23.03.2018-ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിക്ക് വിശദമായ കത്ത് അയച്ചിട്ടുണ്ട്. |
| (ബി) 2003 ൽ കേന്ദ്രസർക്കാർ പ്രാബല്യത്തിലാക്കിയതും തൊഴിലാളികളുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് പിന്നീട് വന്ന സർക്കാർ റദ്ദ് ചെയ്യുതുമായ നിയമം വീണ്ടും കൊണ്ടുവരുന്നത് തൊഴിൽ രംഗത്ത് എത്ര മാത്രം അസ്വസ്ഥതകൾ സൃഷ്ടിക്കാനിടയുണ്ടെന്ന് പരിശോധിക്കുമോ; | (ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ (സീസൺ അല്ലാത്ത) നിയോജനങ്ങളിലും കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാൻ ഉള്ള അധികാരം സമുചിത സർക്കാരിൽ നിക്ഷിപ്തമാണ്. മേൽ പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധ്യമാവുന്ന രീതിയിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് continuous service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്.<br><br>കേന്ദ്ര-സംസ്ഥാന-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള സർട്ടിഫൈഡ് സ്റ്റാന്റിംഗ് ഓർഡർ പരിഷ്കരിക്കുവാൻ ടി ഭേദഗതി മൂലം നിർബന്ധിതമാകുകയും തന്മൂലം പുതിയ തൊഴിൽ അന്വേഷകരുടെ ഭാവി അനിശ്ചിതത്വത്തിലാവുകയും തൊഴിൽ സ്ഥിരത നഷ്ടപ്പെടുത്തുന്നതിന് |

ഇടവരുത്തുകയും ചെയ്യും.

സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വം ഇല്ലാതാകുന്നതിന്റെ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യും. ജോലി സുരക്ഷ സംബന്ധിച്ച ട്രേഡ് യൂണിയനുകളുടെ വിലപേശൽ ശക്തി നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകും.

(സി) ഈ നിയമം നടപ്പാക്കുന്നതിൽ നിന്നും സംസ്ഥാന സർക്കാരിന് വിട്ടു നിൽക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ?

(സി) പൂർണ്ണമായി വിട്ടു നിൽക്കുവാൻ കഴിയില്ല.പ്രസ്തുത നയം പൂർണ്ണമായും തൊഴിലാളി താല്പര്യത്തിന് വിരുദ്ധമാണ്. ഭാവിയിൽ രാജ്യത്താകമാനം ഈ നയം വലിയ തോതിൽ തൊഴിൽ അരക്ഷിതത്വം സൃഷ്ടിക്കുന്നതാണ്.

Sreedas
സെക്ഷൻ ഓഫീസർ